പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3634 23.08.2017 ലെ മറുപടിക്ക്

## കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.റോജി എം. ജോൺ : | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>1.രണ്ടാം പുന:സംഘടനാ പദ്ധതി<br><br>2.എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുള്ള യന്ത്രവത്ക്കരണം.<br><br>3.ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം<br><br>4. കയർ തൊഴിലാളി കുടുംബ പെൻഷൻ 100 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനായി കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.<br><br>5 വനിതാ കയർ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം 1000 രൂപയിൽ നിന്നും 15000 രൂപയാക്കി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്<br>6.കയർ തൊഴിലാളി പെൻഷൻ 600 രൂപയിൽ നിന്ന് 1100 രൂപയായി ഉയർത്തി.<br>7. റിട്ടയർമെന്റ് ബനിഫിറ്റ് സ്കീം കുടിശ്ശിക വിതരണത്തിന് 10 കോടി രൂപ പ്രത്യേകമായി നൽകി.<br>8.പരമ്പരാഗത മേഖലയിൽ ഉൽപാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പൂർണ്ണമായും സംഭരിക്കുന്നു.<br>9. കുറഞ്ഞത് വർഷത്തിൽ 200 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കാനായി ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും ഉപയോഗമേഖലകളുടെ വിപുലീകരണവും നടപ്പിലാക്കും. |

→

| | |
|---|---|
| ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങൾ ശേഖരിക്കാനും അവ വിറ്റഴിക്കുവാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | **ബി)** സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പിലാക്കുമ്പോൾ ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. കയർ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിന് ഈ ഓണക്കാലത്ത് 'കയർ കാർണിവൽ 2017' എന്ന പേരിൽ പ്രത്യേക ഓണക്കാല വിപണന പരിപാടി നടത്തി വരുന്നു. ഇതിന്റെ ഭാഗമായി കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ മുഖേന വിൽപ്പന നടത്തുന്നു. 1000/- രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000/- രൂപയുടെ കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) ഇതുസംബന്ധിച്ച് മറ്റു സംസ്ഥാന സർക്കാരുകളുമായി ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ടോ; ഉടമ്പടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | സി) ഉണ്ട്. കേരള സംസ്ഥാന കയർ കോർപ്പറേഷനുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് യു.പി.സ്റ്റേറ്റ് ഹാന്റ്ലൂം കോർപ്പറേഷനുമായി ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ട്. മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾക്ക് ഓർഡർ ലഭിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ